**ഫോറം നമ്പർ 10**

**[ചട്ടം 21(6) കാണുക]**

DCEKM/6175/2017-C1 dated 16/02/2019

താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച് 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013ലെ 30-ാം നമ്പർ കേന്ദ്ര ആക്ട്) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം 08/03/2018 ലെ 602 നമ്പർ അസാധാരണ ഗസറ്റിലും 02/02/2018 ലെ കേരളകൗമുദി ദിനപത്രത്തിലും 07/02/2018 ലെ ദേശാഭിമാനി ദിനപത്രത്തിലും പദ്ധതി പ്രദേശത്തും പ്രസിദ്ധീകരിച്ചിട്ടുള്ളതിനാലും;

താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു കാര്യത്തിനായി പൊന്നുംവിലയ്ക്ക് എടുക്കേണ്ടതുണ്ടെന്ന് 2013 ലെ സ്ഥലമെടുപ്പ് ആക്ടിലെ (2013 ലെ 30-)0 കേന്ദ്ര ആക്ട് ) 15-)0 വകുപ്പ് (1)-)0 ഉപവകുപ്പ് പ്രകാരം സ്ഥലമെടുപ്പ് ആഫീസർ തയ്യാറാക്കിയ റിപ്പോർട്ട് പരിഗണിച്ച ശേഷം ബോദ്ധ്യപ്പെട്ടതിനാലും;

എറണാകുളം ജില്ലാകളക്ടർ ഇപ്പോൾ ഇതിനാൽ 2013 ലെ സ്ഥലമെടുപ്പ് ആക്ട് (2013 ലെ 30-)0 കേന്ദ്ര ആക്ട് ) 19-)0 വകുപ്പ് പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും, ഏകദേശം 0.00.07 ഹെക്ടർ അല്ലെങ്കിൽ അതിൽ അല്പം കൂടുതലോ കുറവോ വിസ്തീർണ്ണം വരുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് ലോ ലെവൽ കനാൽ ചെയിനേജ് 10490-12000 മീറ്റർ നിർമ്മാണത്തിന് ആവശ്യമുണ്ടെന്ന് ഇതിനാൽ പ്രഖ്യാപിക്കുകയും ഭൂമി പൊന്നും വിലയ്ക്ക് എടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എയർപോർട്ട്, നെടുമ്പാശ്ശേരി എന്നിവരോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

സ്ഥലത്തിന്റെ ഒരു രൂപരേഖ കളക്ടറേറ്റ് എറണാകുളം, സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) എയർപോർട്ട് നെടുമ്പാശ്ശേരി എന്നീ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ളതും ഓഫീസ് സമയത്ത് എപ്പോൾ വേണമെങ്കിലും അത് പരിശോധിക്കാവുന്നതുമാണ്.

**പട്ടിക 1 - പൊന്നുംവിലയ്ക്ക് എടുക്കുന്ന വസ്തുവിന്റെ വിവരങ്ങൾ**

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| ജില്ല: എറണാകുളം | താലൂക്ക്: ആലുവ | വില്ലേജ്: അങ്കമാലി | ബ്ലോക്ക്: 12 |
|---|---|---|---|
| ക്രമനമ്പർ | റീസർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെക്ടർ |
| 1 | റീസർവ്വെ- 24/10 *(പുതുക്കിയ സർവ്വെ രേഖകൾ പ്രകാരം സബ് ഡിവിഷൻ നമ്പർ 32)* | പുരയിടം | 0.00.07 |
| ആകെ വിസ്തീർണം | | | 0.00.07 |

ഈ പ്രോജക്ടിന്റെ പൊന്നുംവില നടപടിയുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലത്തു നിന്നും ഏതെങ്കിലും കുടുംബത്തെ ഒഴിപ്പിക്കേണ്ടതില്ലാത്തതിനാൽ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ലാത്തതാണ്.

G.O.(P) 376/2016/RD, dated 29/06/2016 പ്രകാരം 200 ആർ വരെ വിസ്തീർണ്ണമുള്ള വസ്തു ഉൾപ്പെടുന്ന പ്രോജക്ടിന് അംഗീകാരം നൽകുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ RFCT LARR Act 2013 u/s 19(1) പ്രകാരം മേൽവിവരിച്ച വിജ്ഞാപനം പുറപ്പെടുവിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Signature Not Verified

Digitally signed by MOHAMMED Y SAFIRULLA
Date: 2019.02.18 15:19:34 IST
Reason: Approved

ജില്ലാകളക്ടർ, എറണാകുളം